*പത്രക്കുറിപ്പ്* *17.02.2017*

## ആശയങ്ങളും ശൈലിയും പ്രതിഫലിപ്പിച്ച് ബിനാലെ ലിപികൾ

കൊച്ചി: ആസ്പിൻവാൾ ഹൗസിലെ കൂറ്റൻ ബോർഡിലായാലും സന്ദർശകരുടെ തോളിൽ തൂങ്ങുന്ന ചെറുസഞ്ചികളിലായാലും ചുവരെഴുത്തുകളിലായാലും കൗതുകമുണർത്തുന്നതാണ് നാലു വരയിൽ ഒഴുകിയിറങ്ങുന്ന ബിനാലെ അക്ഷരങ്ങൾ. മേക്ക് ഇൻ ഇന്ത്യ പദ്ധതിയുടെ ലോഗോയായ 'യന്ത്രസിംഹ'ത്തിന്റെ ഉപജ്ഞാതാവും ബിനാലെ ഫൗണ്ടേഷൻ ട്രസ്റ്റംഗവുമായ വി സുനിലാണ് ഈ അക്ഷരങ്ങളുടെയും രൂപകൽപനയ്ക്ക് പിന്നിൽ.

മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ അക്ഷരങ്ങളിലൂടെയാണ് ബിനാലെ എന്ന എഴുത്ത് രേഖപ്പെടുത്തിയിരിക്കുന്നത്. കൗതുകം പകരുന്നതോടൊപ്പം മികച്ച കലാസൃഷ്ടി എന്ന ലക്ഷ്യവുമുണ്ടായിരുന്നുവെന്ന് വി.സുനിൽ പറയുന്നു. ബിനാലെ ക്യൂറേറ്റർ സുദർശൻ ഷെട്ടിയുടെ പ്രമേയത്തിന് അനുസൃതമായി തന്നെയാണ് ഈ അക്ഷരങ്ങളുടെ രൂപകൽപ്പനയും.

രൂപകൽപനയും അക്ഷരങ്ങളും പരസ്പരം സംവദിക്കുന്ന അവസ്ഥയാണ് ആവശ്യം. അതിലൂടെയാണ് ആശയം കാണികളിലേക്കെത്തിക്കാൻ സാധിക്കൂവെന്നും അദ്ദേഹം പറഞ്ഞു.

ബിനാലെ പോലുള്ള പ്രദർശനത്തിൽ അക്ഷരങ്ങളുടെ രൂപകൽപ്പന സങ്കീർണമാകാനുള്ള സാധ്യതകൾ കൂടുതലാണ്. ബിനാലെ സാരഥികളായ ബോസ് കൃഷ്ണമാചാരി, റിയാസ് കോമു എന്നിവരുമായി നടത്തിയ നിരവധി ചർച്ചകൾക്കൊടുവിലാണ് പുതിയ ഡിസൈനിലേക്കെത്തിയത്.

'ഉൾക്കാഴ്ചകളുരുവാകുന്നിടം' എന്ന ബിനാലെ തലവാചകത്തെ അന്വർഥമാക്കുന്ന കൃഷ്ണമണിയുടെ ഏറ്റവും കുറിയ മാതൃകയിലാണ് രൂപകൽപനയ്ക്ക് ആദ്യം ശ്രമിച്ചത്. പക്ഷെ അത് പതിവുകാഴ്ച ആയിപ്പോകുമെന്ന് മനസിലാക്കി. പിന്നീട് അത് കറുത്ത വലിയ കുത്തുകളാക്കി മാറ്റി. അതോടൊപ്പം വരകളും കൂടിച്ചേർന്നപ്പോൾ പ്രമേയത്തിന് പുതിയ രൂപം പിറക്കുകയായിരുന്നു. സുനിൽ പറഞ്ഞു.

ഇതേ ചിന്തകളും കൂടിയാലോചനകളും അക്ഷരങ്ങളുടെ രൂപകൽപനയിലുമുണ്ടായി. മലയാളം, ഹിന്ദി, ഇംഗ്ലീഷ്, കൊറിയൻ, തമിഴ് എന്നീ ഭാഷകളിലെ ലിപികൾ ചേർത്ത് 'കൊച്ചി മുസിരിസ് ബിനാലെ' എന്നെഴുതാനാണ് ഉദ്ദേശിച്ചത്. അതിന് ഗൗരവം കൂടുതലായി തോന്നി. പിന്നീടാണ് നാല് വരയിലൂടെ മലയാളം, ഹിന്ദി, ഇംഗ്ലീഷ് എന്നീ ഭാഷകൾ മാത്രം ഉപയോഗിക്കാൻ തീരുമാനിച്ചതെന്നും അദ്ദേഹം പറഞ്ഞു.

മൂന്നു ഭാഷകളിലെ മുഴുവൻ അക്ഷരങ്ങളും ബിനാലെ ലിപിയിലേക്ക് മാറ്റുന്നത് ശ്രമകരമായ ജോലിയായിരുന്നുവെന്ന് സുനിൽ ഓർക്കുന്നു.

ഡിസൈനിൽ ആശയം കിട്ടാൻ നിമിഷങ്ങൾ മതി. എന്നാൽ അത് പ്രമേയവുമായി സംയോജിപ്പിക്കാനാണ് ബുദ്ധിമുട്ട്. ബിനാലെ ലിപികളും വ്യത്യസ്തങ്ങളായ നിരീക്ഷണങ്ങൾക്ക് വിധേയമാണ്. ഇതിനോട് സാദൃശ്യം തോന്നുന്ന ലിപികളും ഉണ്ടാകാം. പക്ഷെ വ്യത്യസ്തമാകുന്നത് വീക്ഷണമാണെന്ന് സുനിൽ പറഞ്ഞു. ആ വ്യത്യസ്തത കൊച്ചി-മുസിരിസ് ബിനാലെയ്ക്കു മാത്രമേ നൽകാൻ കഴിയുകയുള്ളുവെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

*1/1903, Kunnumpuram, Fort Kochi, Kerala - 682 001, India. Tel: +91 484 2215287, +91 484 2215297(Fax) Email: info@kochimuzirisbiennale.org*
*kochimuzirisbiennale.org*